ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**

**തിരുവനന്തപുരം – 14**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് – ജീവനക്കാര്യം - നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർ ക്ക് സ്ഥലംമാറ്റവും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I തസ്തികയിലെ സീനിയറായ ജീവനക്കാർക്ക് നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റവും അനുവദിച്ച് നൽകിയ മുൻ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 08.02.2024 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

2) 12.02.2024 തീയതിയിലെ മദ്ധ്യമേഖല ആർ.ഡി.ഡി യുടെ E2-115/2024/RDD CZ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ –ഇ5-3395/2023/ഡി.ഐ.എം.എസ് തീയതി: 13-02-2024**

പരാമർശം (1) ഉത്തരവ് പ്രകാരം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ സ്ഥലംമാറ്റം, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്- I തസ്തികയിലുള്ള 12 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം എന്നിവ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്ഥാനക്കയറ്റം ഉത്തരവിൽ ക്രമ നമ്പർ 4 ശ്രീമതി.സിന്ധു.എസ്, ക്രമ നമ്പർ 6 ശ്രീമതി.അനിത.എം, ക്രമ നമ്പർ 7 ശ്രീമതി.ഓമന.കെ എന്നിവർക്ക് എറണാകുളം ഇ.എസ്.ഐ ആശുപത്രിയിലാണ് നിയമനം നൽകിയിരുന്നത്. പ്രസ്തുത സ്ഥാപനത്തിൽ സ്ഥലമാറ്റത്തെ തുടർന്നുള്ള 2 ഒഴിവുകൾ മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നും ടി സ്ഥാപനത്തിൽ മറ്റ് ഒഴിവുകൾ ഇല്ല എന്നും പരാമർശം (2) പ്രകാരം മദ്ധ്യമേഖല ആർ.ഡി.ഡി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്ഥാനക്കയറ്റം ഉത്തരവിലെ ക്രമ നമ്പർ 12 ശ്രീമതി.ബിന്ദു.ഒ യ്ക്ക് സ്ഥാനക്കയറ്റം നൽകി തോട്ടട ഇ.എസ്.ഐ ആശുപത്രിയിൽ നിയമിച്ച നടപടി റദ്ദ് ചെയ്തുകൊണ്ടും, ക്രമ നമ്പർ 7 ശ്രീമതി.ഓമന.കെ-യ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം ഇ.എസ്.ഐ ആശുപത്രി, എറണാകുളം എന്നതിനു പകരം നിലവിൽ ഒഴിവുള്ള തോട്ടട ഇ.എസ്.ഐ ആശുപത്രിയായി ഭേദഗതി വരുത്തികൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പ്പറഞ്ഞ ഭേദഗതികളോടെ പരാമർശം ( 1 ) ഉത്തരവ് അതേപടി നിലനിൽക്കുന്നതായിരിക്കും.

Signed by
Malini S
Date: 13-02-2024 15:23:03

**ഡോ.മാലിനി.എസ്**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

**സ്വീകർത്താവ്**

ബന്ധപ്പെട്ട ജീവനക്കാർ (സ്ഥാപനമേധാവി മുഖേന)

**പകർപ്പ് :–**

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,

ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യമേഖല,എറണാകുളം/ഉത്തരമേഖല, കോഴിക്കോട്

I/683492/2024

2. എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും
3. എല്ലാ ഡിസ്പെൻസറികളിലെയും ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും
4. ഡയറക്ടറുടെ സി.എ
5. വെബ് സൈറ്റ്
6. ഫയൽ/സ്റ്റോക്ക് ഫയൽ